**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1881** **29-09-2025 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ജെന്റർ വ്യക്തികൾക്ക് ലിംഗമാറ്റ ശസ്ത്രക്രിയക്ക് ധനസഹായം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ ജി സ്റ്റീഫൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ട്രാൻസ്ജെന്റർ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന്റെ ഭാഗമായി ഇവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഉതകുന്ന പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ട്രാൻസ്ജെന്റർ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന്റെ ഭാഗമായി തൊഴിൽ ലഭ്യമാക്കുന്നതിന് ഉതകുന്ന രീതിയിൽ നൈപുണ്യ തൊഴിൽ പരിശീലന പദ്ധതി, സ്വയം തൊഴിൽ ധനസഹായ പദ്ധതി, സാകല്യം പദ്ധതി, സാകല്യം പദ്ധതിയിൽ ഉൾപ്പെടുത്തി കേരള നോളഡ്ജ് ഇക്കോണമി മിഷനുമായി ചേർന്ന് നടപ്പിലാക്കുന്ന പ്രൈഡ് പദ്ധതി, അനന്യം പദ്ധതി എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1-ആയി ചേർക്കുന്നു. |
| (ബി) | ട്രാൻസ്ജെന്റർ വ്യക്തികൾക്ക് ലിംഗമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനായി ധനസഹായം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. ട്രാൻസ്ജെന്റർ വ്യക്തികൾക്ക് ലിംഗമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനായി ധനസഹായം ലഭ്യമാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2- ആയി ചേർക്കുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനായി ലഭ്യമാക്കിയ തുകയുടെ വിശദാംശം വ്യക്തമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ട്രാൻസ്ജെന്റർ വ്യക്തികൾക്ക് ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കായി ലഭ്യമാക്കിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധം 3- ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

## ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ട്രാൻസ്ജെന്റർ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന്റെ ഭാഗമായി തൊഴിൽ ലഭ്യമാക്കുന്നതിന് ഉതകുന്ന പദ്ധതികളുടെ വിശദാംശങ്ങൾ

(1) ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നൈപുണ്യ തൊഴിൽ പരിശീലന പദ്ധതി

ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് അഭികാമ്യമായ തൊഴിൽപരിശീലനം നേടുന്നതിനുള്ള ഫീസ്, താമസം, ഭക്ഷണം എന്നീ ചെലവുകൾക്കായി 5 ലക്ഷം രൂപ വീതം ഓരോ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും മുൻകൂർ ആയി അനുവദിക്കുന്ന പദ്ധതിയാണിത്. ട്രാൻസ്ജെൻഡർമാർക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുക്കുന്ന കോഴ്സുകൾ സംസ്ഥാന സർക്കാർ യൂണിവേഴ്സിറ്റികൾ/ സർക്കാർ ഏജൻസികൾ അംഗീകരിച്ചിട്ടുള്ളതായിരിക്കണമെന്ന വ്യവസ്ഥയിൽ ആണ് തുക അനുവദിക്കുന്നത്. അതാത് ജില്ലകളിലെ ട്രാൻസ്ജെൻഡർ ബോർഡിന്റെ ശുപാർശയോടെയാണ് അനുയോജ്യമായ പരിശീലന പരിപാടി തീരുമാനിക്കുന്നത്. അവർക്ക് സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള നൈപുണ്യ പരിശീലനം ആകുന്ന രീതിയിൽ ആണ് ഇത് നടപ്പിലാക്കുന്നത്.

(2) ട്രാൻസ്ജെൻഡർ വ്യക്തികൾക്കായുള്ള സ്വയം തൊഴിൽ ധനസഹായ പദ്ധതി

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ നൽകി സാമൂഹ്യ പുനർസംയോജനം സാദ്ധ്യമാക്കുന്ന തരത്തിലുള്ള പദ്ധതിയാണ് വകുപ്പ് നടപ്പിലാക്കുന്നത്. സാമൂഹ്യനീതി വകുപ്പും വനിതാ വികസന കോർപ്പറേഷനും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 51 ഗുണഭോക്താക്കൾക്കായി 80 ലക്ഷം രൂപ പദ്ധതി മുഖേന വായ്പ അനുവദിച്ചിട്ടുണ്ട്.

(3) ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള സാകല്യം പദ്ധതി

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ പരിശീലനം നൽകി സ്വയം പ്രാപ്തരാക്കി ജീവിക്കുന്നതിനു സന്ദർഭമൊരുക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യനീതി വകുപ്പ് ആരംഭിച്ച പദ്ധതിയാണ് "സാകല്യം". ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള നോളഡ്ജ് എക്കോണമി മിഷനുമായി ചേർന്ന് 'പ്രൈഡ്' പദ്ധതിയും നടപ്പിലാക്കി വരുന്നു.

ഉദ്ദേശലക്ഷ്യങ്ങൾ

1. വീട്ടിൽ നിന്നും പുറത്താക്കപ്പെട്ട നിരാലംബരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ ചെയ്ത് ജീവിക്കുന്നതിനായി അവരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ പരിശീലനം നൽകുക.

2. സ്വന്തമായി ജീവിതോപാധി കണ്ടെത്താനാകാത്ത ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ജീവിത മാർഗ്ഗം ഒരുക്കുക.

3. സ്വയം പ്രാപ്തരാക്കുന്നതിനു സഹായിക്കുക.

(4) അനന്യം പദ്ധതി

ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ കലാഭിരുചി പരിപോഷിപ്പിക്കുന്നതിന് വേണ്ടി ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഒരു കലാ ടീം രൂപീകരിക്കുന്നതിനായി 'അനന്യം' എന്ന പേരിൽ ഒരു പദ്ധതി സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സാമൂഹികമായും, സാമ്പത്തികമായും മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ട്രാൻസ്ജെൻഡർ വ്യക്തികളുടെ കലാഭിരുചി മേഖല തിരിച്ചറിഞ്ഞ് ആവശ്യമായ പരിശീലനം നൽകി സർക്കാർ/പ്രാദേശിക സർക്കാർ നടത്തുന്ന വിവിധ കലാപരിപാടികളിൽ കലാ ടീമിന് കലാപ്രകടനത്തിന് അവസരം ഒരുക്കുക എന്നതാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. സാംസ്കാരികവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഗുരു ഗോപിനാഥ് നടനഗ്രാമത്തിന്റെ സഹകരണത്തോടെയാണ് സാമൂഹ്യനീതി വകുപ്പ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. നൃത്തം, സംഗീതം, അഭിനയം, നാടോടി കലകൾ, ഗോത്രകലകൾ എന്നിവയിൽ പ്രാവീണ്യവും, വൈദഗ്ധ്യവുമുള്ള 30 ട്രാൻസ്ജെൻഡർ വ്യക്തികളെയാണ് പ്രസ്തുത കലാടീമിലേക്ക് നിലവിൽ തെരഞ്ഞെടുത്തിട്ടുള്ളത്.

30-09-2025 ഡോ ആർ ബിന്ദു

MINISTER

<u>അനുബന്ധം 2</u>

## <u>ട്രാൻസ്ജെന്റർ വ്യക്തികൾക്ക് ലിംഗമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനായി ധനസഹായം ലഭ്യമാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ</u>

(1) <u>ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് ധനസഹായ പദ്ധതി</u>

ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ട്രാൻസ്ജെൻഡർ വ്യക്തികളിൽ ട്രാൻസ് വുമൺ വ്യക്തികൾക്ക് പരമാവധി 2.5 ലക്ഷം രൂപയും, ട്രാൻസ്മെൻ വ്യക്തികൾക്ക് പരമാവധി 5 ലക്ഷം രൂപയുമാണ് SRS ധനസഹായമായി അനുവദിച്ചു വരുന്നത്. അപേക്ഷകൾ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ആണ് സമർപ്പിക്കേണ്ടത് . SRS ന് ഒരു ടെക്നിക്കൽ കമ്മറ്റി ഉണ്ട്. ഡോക്ടർമാരാണ് ടെക്നിക്കൽ കമ്മിറ്റിയിൽ ഉള്ളത്. ലഭ്യമായ അപേക്ഷകൾ ടെക്നിക്കൽ കമ്മിറ്റിയിൽ വെച്ച് പരിശോധിച്ചിട്ടാണ് ധനസഹായം വിതരണം ചെയ്യുന്നത്. ആയതിന്റെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

- അപേക്ഷകന് വകുപ്പ് നൽകുന്ന ട്രാൻസ്ജെൻഡർ ID card, മേൽ വിലാസം തെളിയിക്കുന്നതിനുള്ള രേഖ (Voters ID, Aadhaar) എന്നിവ ഉണ്ടായിരിക്കണം.

- ലിംഗമാറ്റ ശസ്ത്രക്രിയകൾക്ക് അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള ഏതെങ്കിലും ആശുപത്രിയിൽ ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയ ശേഷം വ്യക്തമായ ചികിത്സാ റിപ്പോർട്ട്, ഡോക്ടറുടെ സാക്ഷ്യപത്രം, അസ്സൽ ബില്ലുകൾ, എന്നിവ ഹാജരാക്കേണ്ടതാണ്.

- ലിംഗമാറ്റത്തിനായുള്ള ആദ്യഘട്ട ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്കും എല്ലാഘട്ടങ്ങളും പൂർത്തികരിച്ചവർക്കും വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

- പ്രായ പരിധി 18 വയസ്സ് പൂർത്തിയായിരിക്കണം.

(2) <u>ലിംഗമാറ്റ ശസ്ത്രക്രിയയെ തുടർന്നുള്ള തുടർ ചികിത്സയ്ക്ക് ധനസഹായം നൽകുന്ന പദ്ധതി</u>

ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന വ്യക്തികൾക്ക് തുടർചികിത്സയും ഒരു നിശ്ചിത കാലയളവിലെ വിശ്രമവും ആവശ്യമായിവരും. വിശ്രമ കാലയളവിൽ അതിജീവനം ദുഷ്കരമായതിനാൽ സങ്കീർണമായ ശസ്ത്രക്രിയയ്ക്ക് അനുബന്ധമായി ലഭിക്കേണ്ട കൗൺസിലിംഗ് സേവനങ്ങൾ, തുടർചികിത്സ, വിശ്രമ കാലയളവിലെ ഭക്ഷണവും മറ്റ് ദൈനംദിന ചിലവുകളും എന്നിവയ്ക്ക് ഒരു നിശ്ചിത കാലയളവിലേക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നു. ഈ സാഹചര്യത്തിൽ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ശസ്ത്രക്രിയ തുടർന്നു വരുന്ന ഒരു വർഷക്കാലയളവിലേയ്ക്ക് (12 മാസങ്ങൾ) പ്രതിമാസം 3000/- രൂപ ക്രമത്തിൽ ധനസഹായം അനുവദിക്കുന്നുണ്ട്. അപേക്ഷകൾ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ആണ് സമർപ്പിക്കേണ്ടത് . ലഭ്യമായ അപേക്ഷകൾ ടെക്നിക്കൽ കമ്മിറ്റിയിൽ വെച്ച് പരിശോധിച്ചിട്ടാണ് ധനസഹായം വിതരണം ചെയ്യുന്നത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**നിബന്ധനകൾ:**

- അപേക്ഷിക്കുന്ന വ്യക്തികൾക്ക് ട്രാൻസ്ജെൻഡർ ID കാർഡ്.

- മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖ (Adhaar, Voters ID) ഉണ്ടായിരിക്കണം.

- ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയ റിപ്പോർട്ടും, ബന്ധപ്പെട്ട ഡോക്ടറുടെ സാക്ഷ്യ പത്രവും.

- പ്രായപരിധി 18 നും 40 നും മദ്ധ്യേ.

30-09-2025 ഡോ ആർ ബിന്ദു

MINISTER

അനുബന്ധം 3

**ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ട്രാൻസ്ജെന്റർ വ്യക്തികൾക്കായി ലഭ്യമാക്കിയ തുകയുടെ വിശദാംശങ്ങൾ**

| വർഷം | ലിംഗമാറ്റ ശസ്ത്രക്രിയ - ധനസഹായം | | ലിംഗമാറ്റ ശസ്ത്രക്രിയ - തുടർ ചികിത്സ ധനസഹായം | |
|---|---|---|---|---|
| | ഗുണഭോക്താക്കളുടെ എണ്ണം | തുക | ഗുണഭോക്താക്കളുടെ എണ്ണം | തുക |
| 2021-22 | 167 | 1,74,71,602/- | 176 | 16,74,000/- |
| 2022-23 | 115 | 1,30,87,717/- | 165 | 39,27,000/- |
| 2023-24 | 82 | 89,23,775/- | 61 | 36,30,000/- |

| | | | | |
|---|---|---|---|---|
| 2024-25 | 93 | 1,02,92,858/- | 100 | 21,09,000/- |

30-09-2025

ഡോ ആർ ബിന്ദു
MINISTER